# അദ്ധ്യായം-5

# സമീപനങ്ങളിലെ താരതമ്യം

## അദ്ധ്യായം-5

## സമീപനങ്ങളിലെ താരതമ്യം

ആധുനിക മലയാള കഥാസാഹിത്യത്തിൽ സമാനതകൾ കൊണ്ടും വ്യതിരക്തതകൾ കൊണ്ടും ശ്രദ്ധേയരാണ് അഷിത, ചന്ദ്രമതി,മാനസി എന്നീ കഥാകാരികൾ . എഴുത്തിൽ സമാനതകൾ പലതുമുണ്ട്. അതു പോലെ കഥാരംഗത്തേക്കു കടന്നുവന്ന രീതികളിലും.അവരുടെ കഥകളിലെ സമാനതകളെയും വൈരുദ്ധ്യങ്ങളെയും വിലയിരുത്താൻ ശ്രമിക്കുകയാണ് ഈ അദ്ധ്യായത്തിൽ.

### സമാനതകൾ

കാലഘട്ടത്തിന്റെ സമാനതകൾ തന്നെയാണ് ഏറ്റവും പ്രധാനമായി എടുത്തു പറയാവുന്നത്. ഏകദേശം അടുത്തടുത്ത കാലയളവുകളിൽ ത്തന്നെയാണ് മൂന്നു കഥാകാരികളും കഥാരംഗത്തേക്ക് കടന്നു വന്നത് എന്നത് ശ്രദ്ധേയമാണ്. അതുകൊണ്ടുതന്നെ അവരുടെ കഥകളിലും ചില സമാനതകൾ നമുക്ക് ദർശിക്കാനാവും.അതുപോലെതന്നെ ഒരു ഘട്ടത്തിൽ ഈ മൂന്നു കഥാകാരികളും മൗനത്തിന്റെ വാത്മീകങ്ങളിലേക്ക് മടങ്ങിപ്പോയ വരാണ്. അഷിത എഴുത്തിന്റെ ലോകത്തുനിന്നും ഒരല്പം ആത്മീയതയി ലേക്ക് പ്രവേശിച്ചപ്പോൾ ചന്ദ്രമതി 'ഞണ്ടുകളുടെ നാട്ടിൽ ഒരു ഇടവേള'യി ലായിരുന്നു.മാനസിയാകട്ടേ തന്റെ ഔദ്യോഗിക ജീവിതവുമായി ബന്ധപ്പെട്ട് കഥാലോകത്തുനിന്നും ഒരൽപം മൗനത്തിലേക്ക് ഊളിയിട്ടു.

ഒരു സ്ത്രീയുടെ നേട്ടവും നഷ്ടപ്പെടലുമൊക്കെ കുടുംബത്തിൽ തന്നെ സംഭവിക്കുന്നു എന്നു മനസിലാക്കിയ കഥാകാരികളാണ് മൂന്നു പേരും.സ്നേഹം അധികാരമല്ല എന്ന സത്യവും അവർ കഥകളിലൂടെ വിളി ച്ചോതുന്നു.പക്ഷേ പലപ്പോഴും സ്നേഹത്തിന്റെ പേരിൽ അടിമയാക്കപ്പെ ടുന്ന സ്ത്രീയുടെ നിസ്സഹായാവസ്ഥ ഇവർ തങ്ങളുടെ കഥകളിലൂടെ വ്യക്ത

മാക്കുന്നുണ്ട്.മാതൃത്വത്തിന്റെ തീവ്രതയും അതിന്റെ സഹനവും, കാത്തിരിപ്പും, നിസ്സഹായാവസ്ഥയുമെല്ലാം ഈ കഥാകാരികൾ വരച്ചുകാട്ടുന്നു.

'വൈകുന്നേരത്തെ കുളി കഴിഞ്ഞു തിരിച്ചെത്തിയ മകനെ പൊടുന്നനെ ഞാൻ മാറോടടക്കി, അവനെ എവിടെ ഒളിപ്പിക്കണമെന്നായിരുന്നു ഞാൻ ഓർത്തത്.പക്ഷേ, ഈ ആകാശം ഒരു ഫണം പോലെ തലയ്ക്ക് മീതെ നിൽക്കുമ്പോൾ എനിക്ക് രക്ഷപെടുക സാധ്യമല്ലെന്ന് നിങ്ങൾക്കുമറിയാം. അവസാനം മനസിൽ കുമിഞ്ഞുകൂടുന്ന നീലപ്പുമായി മകനെ ആവുന്നത്ര എന്നോട് അടുപ്പിച്ച് ഞാൻ ആ വലിയ ആകാശത്തിനു കീഴിൽ ഒറ്റയ്ക്കു നിന്നു. അനാഥയെപ്പോലെ'.[1]

ആ വഴിക്കപ്പുറമുള്ള ഒരു വീട്ടിൽ ഒരു ഫോറിൻ എമർജൻസി ലാമ്പിന്റെ വെളിച്ചത്തിൽ റോഡിലേക്ക് കണ്ണുംനട്ട് ഒരമ്മ മകളെ കാത്തിരുന്നു.[2]

എൻ മക്കളാശു നടക്കുന്ന നേരവും
കൽമഷം തീർന്നിരുന്നീടുന്ന നേരവും
തൻമതി കെട്ടുറങ്ങീടുന്ന നേരവും
സമ്മോദമാർന്നു രക്ഷിച്ചീടുവിൻ നിങ്ങൾ.

'പ്രാർഥനാമുറിയും പ്രാർഥനയുമില്ലാത്ത അമ്മമാർ അവയിലൊന്നും വിശ്വാസമില്ലാത്ത അമ്മമാർ, എല്ലാ അമ്മമാർക്കും വേണ്ടിയും വസുന്ധര പ്രാർത്ഥിച്ചുകൊണ്ടിരുന്നു. മറ്റൊന്നും അവൾക്ക് ചെയ്യാനാവില്ലല്ലോ.'[3]

'കോളേജ് വിട്ട് ഇനിയും എത്താത്ത മകൾ ഇപ്പോൾ സൗമിനി ടീച്ചറുടെ മനസിൽ വല്ലാത്തൊരു വേവലാതിയായി വളരുകയാണ്.

വേവലാതിയോടെ ഗേറ്റു തുറന്ന് സൗമിനി ടീച്ചർ ഇപ്പോൾ തീർത്തും വിജനമായ നിരത്തിലേക്കിറങ്ങി.വിജനമായ നിരത്തിന്റെ ഒരറ്റത്തുനിന്ന് അശ്ലീലമായ ഒരു പാരഡിപോലെ ചുവന്ന ഒരു മാരുതിക്കാർ തെന്നിയൊഴുകി വരുന്നത് അവർ കണ്ടു.അതു കടന്നുപോകവെ ,അതിൽ നിന്നുയരുന്ന പൊട്ടിച്ചിരികൾക്കിടയിൽ പിൻസീറ്റിലെ ചില്ലിലമർന്ന നിസ്സഹായമായ ഒരു നോട്ടം .ഒരു മകളുടെ-ഏതോ മകളുടെ,എങ്കിലും ഒരു മകളുടെ- എന്നു

തിരിച്ചറിഞ്ഞ ആ അമ്മയിൽ നിന്ന് ആകുലമായ ഒരു നിലവിളി ദിഗന്തങ്ങൾ ഭേദിച്ചുയരവേ. . . . .'[4]

മാതൃത്വവും വിവാഹവുമൊക്കെ സ്ത്രീകളുടെ സർവ്വസ്വാതന്ത്ര്യങ്ങളുടെയും മേൽ കടിഞ്ഞാണിടുന്ന ഒരവസ്ഥയായി മാറാറുണ്ട്. വിവാഹം എന്നത് മുൻപ് അനുഭവിച്ച സ്വാതന്ത്ര്യങ്ങളിൽ നിന്നുള്ള നഷ്ടമാകൽ എന്നല്ല അർത്ഥം. 'വിവാഹത്തിന്റെ അടിസ്ഥാനം ആത്മാർത്ഥമായ സ്നേഹമാണ്. ആത്മാർത്ഥമായ സ്നേഹത്തിൽനിന്നും പൂർണമായ വിശ്വാസം ഉടലെടുക്കുന്നു. സ്നേഹത്തിൽ വിട്ടുവീഴ്ച്ചകൾ ഉണ്ടാകണം. അപ്പോൾ മാത്രമേ യഥാർത്ഥമായ സ്വാതന്ത്ര്യം സാധ്യമാവുകയുള്ളൂ. സ്വാതന്ത്ര്യമില്ലാത്തിടത്ത് സ്നേഹം മരിക്കുന്നു'.[5]

ഓഷോയുടെ ഈ വാക്കുകൾ വളരെയേറെ ശ്രദ്ധേയമാണ്. ഈ കാഴ്ച്ചപ്പാടുകൾ ഓരോ കഥാകാരിയുടേയും കഥകളിൽ നമുക്ക് കാണാനാവും. സ്നേഹത്തിൽ നിന്നു മാത്രമേ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂ എന്ന് ഈ മൂന്നു കഥാകാരികളും വിശ്വസിക്കുന്നുണ്ട്. അവരുടെ കഥകളിലെല്ലാംതന്നെ സ്നേഹത്തിനുവേണ്ടിയുള്ള ആഗ്രഹവും സ്നേഹനിരാസങ്ങളും സ്നേഹനഷ്ടങ്ങളുമൊക്കെ അവർ വളരെ കൃത്യതയോടെ വരച്ചു കാട്ടുന്നു. സ്നേഹവും,ദാമ്പത്യബന്ധത്തിലെ,കുടുംബബന്ധത്തിലെ സ്നേഹരാഹിത്യവുമൊക്കെ ഇവർ വിവരിക്കുമ്പോൾ അതിന് സമാനതകളേറെയുണ്ട്. അഷിതയെ സംബന്ധിച്ചിടത്തോളം ചോദിച്ചു മേടിക്കുന്നതായാലും ചോദിക്കാതെ കിട്ടുന്നതായാലും സ്നേഹം ബഹുമാനിക്കപ്പെടേണ്ട വികാരമാണ്. അത് സ്വീകരിക്കുന്നതും നിരാകരിക്കുന്നതും അതീവ സൗമ്യതയോടെ ആയിരിക്കണമെന്ന്' അവർ പ്രഖ്യാപിക്കുന്നു.

'ചതുരംഗം' എന്ന കഥയിലെ നായികയും'വാരാന്ത്യ'ങ്ങളിലെ കഥാപാത്രവും(ഭാര്യയും) 'മുഖം തിരിക്കുന്ന പാവ'കളിലെ കഥാ നായികയും,'മർമ്മരങ്ങൾ' എന്ന കഥയിലെ നായികയുമൊക്കെ സ്നേഹത്തിനു വേണ്ടി കൊതിക്കുകയും എന്നാൽ അതു മനസിലാക്കി അവരെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്ന പുരുഷൻമാർക്ക് ,അത് ഭർത്താവിന്റെ സുഹൃത്തോ,ബ

ന്ധുവോ അയൽക്കാരനോ ഒക്കെ ആണെങ്കിൽ കൂടി അവരുടെ മനസിന് പിടികൊടുക്കാതെ ഒഴിഞ്ഞുമാറി തന്റെ ഭർത്താവിനോട് ചേർന്നു നിന്ന് അവരോട് വിജയിക്കുകയും ചെയ്യുന്നു.

സമാനമായ ചിന്താഗതികൾ,ആശയങ്ങൾ മാനസിയും തന്റെ കഥയിലൂടെ വ്യക്തമാക്കുന്നുണ്ട്.'നിഴലുകളിലെ' സീതയും 'രഘുവിന്റെ ഭാര്യ' യിലെ ലളിതയും'അക്ഷരത്തെറ്റു'കളിലെ സുമയും ഒക്കെ സമാനമായ അവസ്ഥകളിലൂടെ കടന്നുപോകുന്ന കഥാപാത്രങ്ങളാണ്.സ്നേഹം തേടി അവരുടെ അടുത്തെത്തുന്ന പുരുഷൻമാരുമുണ്ട്. സ്വന്തം ഭർത്താവിനെക്കാൾ കാമുകനായിരുന്ന ആൾ സ്നേഹിക്കുകയും മനസിലാക്കുകയും ചെയ്യുന്നുണ്ട് എന്ന് തിരിച്ചറിവുള്ളപ്പോഴും തന്റെ മകളെയും ഭർത്താവിനെയും കുറിച്ച് ചിന്തിച്ചുകൊണ്ട് സീത വീട്ടിലേക്കു മടങ്ങുന്നു.അവൾ കാമുകന്റെ സ്നേഹത്തിന്റെ തണൽ പാടെ അവഗണിക്കുന്നു.രഘുവിന്റെ ഭാര്യയിലെ രഘു ലളിതയെ സ്നേഹിച്ചിരുന്നു.എന്നാൽ പിന്നീട് സുമതിയെ വിവാഹം കഴിക്കുകയും സുമതിയുടെ മരണ ശേഷം വീണ്ടും ലളിതയെ അഭയം പ്രാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

പച്ചക്കറി വാങ്ങുന്ന ലാഘവത്തോടെ രഘു ഒരു പെൺകുട്ടിയെ ഭാര്യയാക്കുമെന്ന്[6] ലളിത ഒരിക്കലും പ്രതീക്ഷിച്ചിരുന്നുമില്ല. പിന്നീട് ലളിതയുടെ അരികിലെത്തുന്ന രഘുവിനോട് അവൾ പറയുന്നുണ്ട് 'രഘുവിന്റെ കിടക്കയും ശരീരവും പങ്കുവെയ്ക്കലല്ല തന്റെ ഉദ്ദേശ്യമെന്ന്'[6] വകതിരിവില്ലാത്ത മനസിന്റെയും കീഴടങ്ങാത്ത അഹന്തയുടെയും കാൽകീഴിൽ ഒരു പുഴുവിനെപ്പോലെ രഘു പിടയുന്നത് ലളിത കാണുന്നുണ്ട്. 'ചതുരംഗ'[7] ത്തിൽ ഭർത്താവിനോട് ചേർന്നു നിന്നുകൊണ്ട് സുഹൃത്തായ രാജേന്ദ്രനെ കളിയിലൂടെ തോൽപ്പിക്കുന്ന അഷിതയുടെ കഥാനായികയും സമാനമായ ആശയമാണ് നൽകുന്നത്.പരപുരുഷനു മുന്നിൽ തന്റെ ഭർത്താവ് ഒരിക്കലും തോൽക്കാതിരിക്കാൻ ഭർത്താവിനോട് ചേർന്നു നിന്നുകൊണ്ട് കളി ജയിക്കാൻ ശ്രമിക്കുന്നവരാണ്,അതിനുള്ള തന്റേടം കാണിക്കുന്നവരാണ് മേൽപ്പറഞ്ഞ കഥാനായികമാരെല്ലാം തന്നെ .

'കത്തുകുത്ത്'എന്ന ചന്ദ്രമതിക്കഥയിലും ഇതേ ആശയം നമുക്ക് ദർശിക്കാനാവും - സുന്ദരിയായ ഭാര്യ സ്വന്തമായുണ്ടായിരുന്നിട്ടുപോലും അപരന്റെ ഭാര്യയെ തന്നിലേക്ക് ചേർത്തു നിർത്താൻ ശ്രമിക്കുന്ന പുരുഷനെ,കഥാനായികയുടെ കുടുംബസുഹൃത്തുകൂടിയായ പുരുഷനെ 'എല്ലാവിധത്തിലും സംതൃപ്തയായ ഭാര്യയാണ് ഞാൻ , ജീവിതത്തിൽ നിന്ന് ഇതിൽ കൂടുതലൊന്നും എനിക്ക് കിട്ടുവാനില്ല'[8] എന്നു തന്റേടത്തോടെ ആ പുരുഷനോടു പറയാൻ ചങ്കൂറ്റം കാണിക്കുന്നുണ്ട്-കഥാനായിക.നാളെയും നമ്മൾ കാണേണ്ടവരല്ലേ,എന്റെ ഭർത്താവും നിങ്ങളുടെ ഭാര്യയുമടങ്ങുന്ന കുടുംബസദസ്സിൽ ഒന്നും സംഭവിക്കാത്തതു പോലെ ഇരിക്കേണ്ടവരല്ലേ! നമ്മൾ നല്ല,വളരെ നല്ല കുടുംബ സുഹൃത്തുക്കളാണെന്ന് മറക്കേണ്ട[9]'എന്ന താക്കീതും നായിക നൽകുന്നുണ്ട്.

ജീവിതത്തോടും കുടുംബത്തോടും സമൂഹത്തോടും വ്യക്തമായ ധാരണകൾ പുലർത്തുന്നവരാണ് ഈ മൂന്നു കഥാകാരികളുടെയും സ്ത്രീ കഥാപാത്രങ്ങൾ . സ്നേഹത്തിന്റെയും, സഹനത്തിന്റെയും കണ്ണീരിന്റെയും സ്ത്രീ മാതൃകകളാകുന്നതോടൊപ്പം തന്നെ ഇടയ്ക്കെങ്കിലും പ്രതിഷേധത്തിന്റെ, പ്രതികാരത്തിന്റെ മൂർത്തികളായി തീരുന്നുമുണ്ട് ഇവരുടെ നായികമാർ.

ഭർത്താവിനോടും കുടുംബത്തോടും മുഴുവൻ സ്നേഹവാത്സല്യം ചൊരിയുന്ന ഭാര്യയും അമ്മയും കുടുംബിനിയുമൊക്കെയായി ഇവരുടെ കഥാപാത്രങ്ങൾ കഥകളിൽ നിറയുന്നു. തന്റെ ദുഖങ്ങളോടും പ്രശ്നങ്ങളോടും അവരിൽ പലരും ത്യാഗങ്ങൾ കൊണ്ടും ക്ഷമ കൊണ്ടുമാണ് വിജയം വരിക്കുന്നത്.ഭർത്താവിന്റെ സാമീപ്യവും സുരക്ഷിതത്വവും ലഭിക്കുന്ന സംതൃപ്തകളായ കുടുംബിനികളും ഇവരുടെ കഥകളിലുണ്ട് എങ്കിലും സഹനത്തിന്റെ പാതയല്ലാതെ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റയും പാതകളും അവർ തിരഞ്ഞെടുക്കുന്നുണ്ട്.

തന്റെ ഭർത്താവ് മറ്റൊരു സ്ത്രീയോടൊപ്പം പടിയിറങ്ങിപ്പോകുമ്പോൾ അതിനെതിരെ പ്രതികാരദുർഗ്ഗയാവുകയല്ല, മറ്റൊരാളെ ഭർത്താവിനു പകരമായി തിരഞ്ഞു പിടിക്കുകയുമല്ല മാനസിയുടെ കഥാനായിക ചെയ്യു

ന്നത് പകരം അതിനെ സമചിത്തതയോടെ നേരിടുകയാണ്. സ്നേഹം നിഷേധിക്കപ്പെടുമ്പോഴും സ്നേഹത്തിന്റെ മരീചികകൾ ക്ഷണിക്കുമ്പോഴും അവയിലെ ചതി തിരിച്ചറിഞ്ഞ് ആ കെണികളിലൊന്നും വീഴാതെ സമചിത്തതയോടെ ജീവിതത്തോട് മുഖാമുഖം നിൽക്കുവാൻ ഈ മൂന്നു കഥാകാരികളും തങ്ങളുടെ കഥാപാത്രങ്ങളെ പ്രാപ്തരാക്കുന്നു.

തകർത്തെറിയുന്നതിലല്ല ഈ കഥാനായികമാരുടെ സ്വത്വം കുടികൊള്ളുന്നത്, കൂട്ടിച്ചേർക്കുന്നതിലാണ്.പകരം വയ്ക്കാൻ മറ്റൊന്നുമില്ലാത്തപ്പോൾ ഒന്നിനേയും തകർത്തെറിയാൻ അവർ ശ്രമിക്കുന്നില്ല.പകരം തങ്ങളുടെ സഹനങ്ങളിലൂടെ,സ്നേഹത്തിലൂടെ എല്ലാത്തിനേയും കൂട്ടിച്ചേർക്കുവാൻ അവർ ശ്രമിക്കുന്നു. തന്റേതായ വ്യക്തിമുദ്ര താനായിരിക്കുന്ന ഇടങ്ങളിൽ പതിപ്പിക്കുവാൻ അവർ കരുത്തുകാട്ടുന്നു.

## കഥകളിലെ വ്യത്യസ്തതകൾ

കാലഘട്ടത്തിന്റെ സമാനതകളും ജീവിതവീക്ഷണത്തിലേയും, അനുഭവതലങ്ങളിലേയും സാമ്യങ്ങളും ഈ മൂന്നു കഥാകാരികളുടേയും കഥകളിൽ നമുക്ക് കാണാമെങ്കിലും ചിന്താഗതികളിലേയും പ്രതികരണങ്ങളിലേയും വ്യതിരിക്തതകൾ ഇവരുടെ കഥാപാത്രചിത്രീകരണത്തിലും ഇവരുടെ കഥാശൈലിയിലും നമുക്ക് ദർശിക്കാൻ സാധിക്കും.

മൗനവാല്മീകത്തിലേക്ക് മടങ്ങിയ അഷിതയുടെ കഥകൾക്ക് ഒരു തരം ശാന്തതയും മൃദുത്വവും കണ്ടെത്താനാവും. തകർത്തെറിയലുകൾക്കോ തച്ചുടക്കലുകൾക്കോ അഷിതയുടെ കഥാനായികമാർ തയ്യാറാവുന്നില്ല. 'കാടിളക്കുന്നതറിഞ്ഞ വേട്ടമൃഗത്തിന്റെ ദയനീയമായ ജാഗ്രത' അഷിതയുടെ പല കഥാപാത്രങ്ങൾക്കുമുണ്ട്. പ്രതിഷേധം നിറഞ്ഞ ഒരു നോട്ടമോ, പ്രതികരിക്കുന്ന ഒരു ശാരീരികചലനമോ, മറ്റുള്ളവർക്കു മുന്നിൽ താൻ സംതൃപ്തയാണ് എന്ന തോന്നലുകൾ മാത്രമോ ഒക്കെയാവാം ഈ കഥാപാത്രങ്ങളിൽ നിന്നുണ്ടാകുന്നത്. ആ ചെറിയ ചെറിയ വിജയങ്ങൾ കൊണ്ട് സംതൃപ്തരാണ് അവരുടെ കഥാപാത്രങ്ങൾ. വിട്ടുവീഴ്ച്ചയ്ക്കു തയ്യാറാവു

മ്പോഴും ചിലപ്പോഴൊക്കെ പ്രതിഷേധത്തിന്റെ ഭയങ്കരമായ ഇച്ഛാശക്തിയുള്ളവരുമാണ് അവർ.

നിശബ്ദതയും, മൗനവുമൊക്കെ അഷിതയുടെ പ്രതിഷേധതന്ത്രങ്ങളാണ്. പ്രതിഷേധത്തിന്റെ ജനാലകളും, ഇടയ്ക്കിടെ ആടിവരുന്ന മൗനത്തിന്റെ ഊഞ്ഞാലുകളും അഷിതയുടെ കഥകളിലെ ബിംബങ്ങളാണ്. മൗനത്തിന് വലിയൊരു സ്ഥാനം അഷിതയുടെ കഥകളിലുണ്ട്. ദുർഗ്രഹത ഒട്ടുമില്ലാത്ത ഈ കഥകൾ തീർത്തും സുന്ദരവും നിഷ്ക്കളങ്കവും ലളിതവുമായ അവതരണശൈലിയുള്ളതാണ്. എന്നാൽ കഥയുടെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലുമ്പോൾ ഓരോ മൗനത്തിനും ഒരായിരം അർത്ഥങ്ങൾ വായിച്ചെടുക്കാൻ സാധിക്കും.

സാമൂഹ്യപരിഷ്ക്കരണം അഷിത ഉദ്ദേശിക്കുന്നില്ല. അഷിതയുടെ കഥകളെല്ലാംതന്നെ 'I want to discover myself' എന്ന ഉദ്ദേശത്തോടെ എഴുതപ്പെട്ടവയാണ്. എന്നിലെ എന്നെ കണ്ടെത്തുക, എന്റെ സ്വത്വം തിരിച്ചറിയുക, അതു മറ്റുള്ളവർക്കു മനസിലാക്കി കൊടുക്കുക ആ ലക്ഷ്യമാണ് കഥാകാരിക്കും കഥാപാത്രങ്ങൾക്കുമുള്ളത്.

'ഉമ' എന്ന പേര് അഷിതയുടെ പല കഥകളിലേയും കഥാപാത്രങ്ങൾക്കുണ്ട്. 'ഉമ'എന്നാൽ പാർവ്വതിയാണ്.ലക്ഷ്മിയേയും സരസ്വതിയേയും പോലെയല്ല പാർവ്വതി (Strong Character).കുടുംബം കൊണ്ടുനടക്കുന്ന ഒരൊറ്റ ദേവിയാണ്. കുടുംബം എന്നു പറഞ്ഞാൽ– ഒരു ആറു തലയനും, ഒരാനക്കുടവയറനും, മുനിയായിട്ടിരിക്കുന്ന ഒരു ഭർത്താവും. അവരെയെല്ലാം നോക്കിനടത്തുന്നവളാണ് പാർവ്വതി. പാർവ്വതിയുടെ തപസ്സ്, ശിവനെക്കിട്ടാനുള്ള തപസ്സ്, അത് അതിഭയങ്കരമായ ഇച്ഛാശക്തിയുടെ പ്രതീകമാണ്. ലക്ഷ്മി പാലാഴിയിൽ നിന്ന് പൊന്തിവന്ന്, വിഷ്ണുവിന്റെ വാമഭാഗത്തിരിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ഉമ എത്രയോ പ്രയാസങ്ങളെ തരണം ചെയ്താണ്, ശിവനെ സ്വന്തമാക്കുന്നത്. അതിന് കടുത്ത ഇച്ഛാശക്തി ആവശ്യമാണ്. ഉമ എന്ന പേരിലെ 'ഉ' കഠിനവും 'മ' മൃദുവായ അക്ഷരങ്ങളുമാണ്. ഇവയുടെ ഒന്നിച്ചുചേരലാണ് ഉമ. ഈ രണ്ടു ഭാവങ്ങളു

ടേയും ഒന്നിച്ചുചേരലാണ് ഉമ. ഈ രണ്ടുഭാവങ്ങളുടേയും ഒന്നിച്ചു ചേരലാണ് ഓരോ സ്ത്രീ കഥാപാത്രങ്ങളും.

'കല്ലുവെച്ച നുണകൾ' എന്ന കഥയിലെ പ്രമേയവും സത്യത്തിന്റെ വിവിധമുഖങ്ങൾ തന്നെയാണ്. കല്ലുവെച്ച നുണകളിലെ കഥാപാത്രം ഉമക്കുട്ടിയാണ്. കുട്ടി നുണ പറഞ്ഞതാണെന്നു മുതിർന്നവർ പറയുമ്പോൾ താൻ വെറുതെ ഒരു തമാശ പറഞ്ഞതാണ് എന്നാണ് കുട്ടി പറയുന്നത്. നേരും നുണയും കള്ളവും തമാശയും ഒക്കെത്തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെ സൂചിപ്പിക്കുന്നുണ്ട് അഷിതയുടെ പല കഥകളും.

അഷിതയുടെ കാഴ്ച്ചപ്പാടുകൾപോലെ തന്നെ 'സത്യ'ത്തിൽ'സ'യും 'ത'യും 'യ'യുമുണ്ട്.ഇതിൽ 'സ'യും 'യ'യും നേരിനെ സൂചിപ്പിക്കുമ്പോൾ 'ത' തമസ്സാണ്. അപ്പോൾ രണ്ടു നേരിന്റെ നടുവിൽ ഒരു നുണയുണ്ട്. വെളിച്ചമുണ്ടെങ്കിൽ അവിടെ ഇരുട്ടുമുണ്ട്. ഇതു രണ്ടും കൂടിയേ ലോകത്തിൽ നിലനിൽക്കുന്നുള്ളൂ.'ഇരുട്ടെ'ന്നു പറയുന്നത് വെളിച്ചത്തിന്റെ വിപരീതമാണെന്നുള്ള തത്ത്വത്തെ അഷിത തള്ളിക്കളയുന്നു. വെളിച്ചവും, വെളിച്ചമില്ലായ്മയും മാത്രമാണുള്ളതെന്ന് അഷിത കണ്ടെത്തുന്നു. അതുപോലെയാണ് നേരും നുണയും എന്നും അഷിത തന്റെ കഥകളിലൂടെ വെളിവാക്കുന്നു. സത്യത്തിലും തമസ്സുണ്ടെന്നും, തമസും പിന്നീട് വെളിച്ചമായി മാറ്റിയെടുക്കാമെന്നും വ്യക്തമാക്കുന്നു.

അഷിതയുടെ കഥകളിൽ മൗനത്തിന് നൂറുനൂറർത്ഥതലങ്ങൾ സൃഷ്ടിച്ചെടുക്കുന്നുണ്ട്. കാരണം ചില കാര്യങ്ങൾ വിവരിക്കാൻ വാക്ക് മതിയാകാതെ വരും. വാക്കിനപ്പുറത്തെ കാര്യങ്ങൾ ധ്വനിപ്പിക്കാൻ മൗനത്തെ കഥാകാരി കൂട്ടുപിടിക്കുന്നു. കഥയിൽ കഥാകാരി പാതിയേ പറയുന്നുള്ളൂ. മറ്റേപാതി മുഴുവനാകുന്നത് വായനക്കാരന്റെ മനസിലാണ്. മൗനം അഷിതയ്ക്ക് ഭാഷ പോലെ തന്നെ പ്രധാനമാണ്.മൗനത്തിന്റെ ശക്തി അപാരമാണ്. വാക്കുകളും കഥകളുമൊക്കെ മൗനത്തിൽ നിന്നു പൊന്തി, അതിലേക്കു തന്നെ തിരിച്ചുപോവുകയാണ്. ഉച്ചരിക്കപ്പെട്ട വാക്ക്

ശ്വാസമായിത്തീർന്ന് ഇല്ലാതെയാകുന്നു. അതിലും പ്രസക്തമാണ് വാക്കിന പ്പുറത്തെ മൗനം.

പെണ്ണെഴുത്തിനെക്കുറിച്ചും വ്യക്തമായ കാഴ്ച്ചപ്പാട് അഷിതയ്ക്കുണ്ട്. എഴുത്തെന്നു വച്ചാൽ ആത്മാവിനോട് സംവദിക്കുന്നതാണെന്ന് അവർ വിശ്വസിക്കുന്നു. എഴുത്തിലൂടെ വായനക്കാരന്റെ മനസിനെ അല്ലെങ്കിൽ, ഹൃദയത്തിനെയാണ് തൊടുന്നത്, അല്ലാതെ ദേഹത്തെയല്ല. പിന്നെ എഴുതു ന്നത് കൈകൊണ്ടാണ്. ആണിന്റെ കൈയും പെണ്ണിന്റെ കൈയും ഒന്നും അത്ര വലിയ വ്യത്യാസമില്ല. ആണെഴുത്ത്, പെണ്ണെഴുത്ത് എന്ന വേർതിരി വിന്റെ ആവശ്യമില്ല. അങ്ങനെയൊരു പരിഗണന ലഭിക്കുന്നതിന് കഥാകാരി ഒരിക്കലും ഇഷ്ടപ്പെടുന്നുമില്ല. കഥയ്ക്ക് രണ്ടു തരംതിരിവേ ഉള്ളൂ എന്ന് കഥാകാരി വിശ്വസിക്കുന്നു. നല്ല കഥ, അല്ലെങ്കിൽ ചീത്ത കഥ. കഥയ്ക്ക് ലിംഗഭേദമില്ല എന്ന് അഷിത വിശ്വസിക്കുന്നു.

അഷിത എന്നും അഷിത തന്നെയായിരിക്കാൻ ആഗ്രഹിക്കുന്നു. വിധി എന്നു പറഞ്ഞു കീഴടങ്ങുന്നതായാലും, മറ്റുള്ളവരുടെ ഇഷ്ടത്തിനു വഴങ്ങു ന്നതായാലും എങ്ങനെയെല്ലാം സ്വയം ന്യായീകരിച്ചാലും തെരഞ്ഞെടുക്കു ന്നത് നമ്മൾ തന്നെയാണ് എന്ന് അഷിത വിശ്വസിക്കുന്നു.തനിക്ക് പൂർണ്ണ മായി അംഗീകരിക്കാൻ പറ്റാത്ത കാര്യങ്ങൾ അഷിത ചെയ്യാറില്ല.അതിന് മറ്റുള്ളവരെ നിർബന്ധിക്കാറുമില്ല. അതുകൊണ്ടുതന്നെയാണ് എഴുത്തിനെ സാധനയായിക്കാണുന്ന,ഹൃദയത്തിന്റെ ഉൺമയെ എഴുത്തിലൂടെ പ്രകാശി പ്പിക്കുന്ന, നല്ല കഥകൾ മാത്രം സാഹിത്യത്തിനു സമർപ്പിക്കുന്ന അഷിത മലയാളകഥാരംഗത്ത് പ്രിയങ്കരിയാകുന്നത്.

മാനസിയുടെ കഥകൾ അഷിതയുടേയും ചന്ദ്രമതിയുടേയും കഥക ളിൽ നിന്നു വ്യത്യസ്തമാകുന്നത് അതിന്റെ അവതരണശൈലിയിലെ സവി ശേഷത കൊണ്ടാണ്. കാൽപ്പനീകവും ഭ്രമാത്മകവുമായ ഒരു ലോകത്തി ലേക്ക് മാനസിയുടെ കഥകൾ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. ഒറ്റപ്പെട്ടു പോകുന്ന മനസുകൾ ഏകാന്തതയുടെ, ഭ്രാന്തിന്റെ വിഭ്രമാത്മകമായ അവ സ്ഥയിലേക്ക് വലിച്ചെറിയപ്പെടുക എന്നത് സ്വാഭാവികമാണ്. ചതുരങ്ങളും, ഇടുങ്ങി, ഇടുങ്ങിച്ചെറുതാകുന്ന ചുമരുകളും, ഇരുട്ടു നിറഞ്ഞ ഇടനാഴി കളുമെല്ലാം മനസിന്റെ ഒറ്റപ്പെടൽ,ഭ്രാന്തമായ അവസ്ഥഇവയെയാണ് വിളി

ച്ചോതുന്നത്. മറ്റുപല കഥാകാരികളുടേയും കഥകളിൽ ആകാശം എന്നത് പ്രതീക്ഷയുടേയും,സ്വാതന്ത്ര്യത്തിന്റേയും, പ്രകാശത്തിന്റേയുമൊക്കെ പ്രതീകമാകുമ്പോൾ മാനസിയുടെ കഥകളിൽ ആകാശം നൈരാശ്യത്തിന്റേയും ഇരുട്ടിന്റേയും മോഹഭംഗങ്ങളുടേയു ഒറ്റപ്പെടലിന്റെതായുമായ ഒരു ഇടമായി മാറുന്നു. എല്ലാവരാലും ചുറ്റപ്പെട്ടു നിൽക്കുമ്പോഴും ഏകാന്തത അനുഭവിക്കുന്ന സ്ത്രീഹൃദയത്തിന്റെ വിഹ്വലത കഥകാരി വരച്ചുകാട്ടുന്നു.

ക്ഷമയുടേയും സഹനത്തിന്റേതുമായ പാതയിലുടെ കടന്നുപോകുന്നവരാണ് മാനസിയുടെ ഭൂരിപക്ഷം സ്ത്രീകഥാപാത്രങ്ങളും. എന്നിരുന്നാലും ചിലകഥാപാത്രങ്ങൾ പ്രതികാര ദേവതകളായിമാറുന്നതും എടുത്തുപറയേണ്ടതാണ്.യുക്തിയുടെ മേഖലയിൽ നിന്നും സ്വപ്നാത്മകതയിലേക്ക് ചില കഥാപാത്രങ്ങൾ സഞ്ചരിക്കുന്നു. 'ചരൽപാതയുടെ നീളം'[10] എന്നകഥയിൽ ഭർത്താവിന്റെ പീഡനങ്ങളും ക്രൂരതകളും ശാരീരികമായും മാനസികമായും ഏൽക്കേണ്ടിവരുന്ന ശാന്തി എന്ന കഥാപാത്രത്തെ നമുക്ക് കാണാനാവും ഭർത്താവിന്റെ പതിവു പീഡനങ്ങളിൽ ശരീരവും മനസും മുറിയുമ്പോൾ പലപ്പോഴും ഭർത്താവിനേയും തിരിച്ച് വേദനിപ്പിക്കണമെന്നും,വിചാരിച്ചാൽ തനിക്കും ശാരീരിക വേദനകൾ ഭർത്താവിനു തിരിച്ചുനൽകാനാവും എന്നുമവൾ ചിന്തിക്കുന്നുണ്ട്. എന്നിട്ടും അവൾ പ്രതികരിക്കുന്നില്ല. ശാരീരിക പീഡനങ്ങൾക്കൊടുവിൽ അയാൾ തളർന്നുറങ്ങുമ്പോൾ ശാന്തി മടവാൾ കൈയിലെടുത്ത്, ഭർത്താവിനെ വിളിച്ചുണർത്തുന്നുണ്ട്.വേണമെകിൽ, ഒന്നു ധൈര്യം സംഭരിച്ചാൽ ഭർത്താവിനെ ആ മടവാൾ കൊണ്ട് വകവരുത്താം, എന്നാൽ അവൾ അതിനു തുനിയുന്നില്ല. എത്രഅടക്കിയിട്ടും പൊട്ടിപ്പോയ ഒരു കരച്ചിൽപോലെ ശാന്തി മടവാൾ തന്റെ തലയ്ക്കുനേരേ വീശിയത്,എഴുന്നേൽക്കാനുള്ള അനുവാദത്തിനുവേണ്ടി തന്റെ കാൽക്കൽ കുനിഞ്ഞിരിക്കുന്ന ഭർത്താവിന്റെ മുഖത്തേക്കു ചീറ്റുന്ന ചുകപ്പ് ശാന്തി ഒരു നിമിഷംകണ്ടു. പിന്നെ എന്തെന്നില്ലാത്ത ആശ്വാസത്തിന്റെ വെള്ളപ്പാച്ചിലിൽ അത് അപ്രത്യക്ഷമായി.[10]

സ്വയംപീഡയിലൂടെ തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു ഈ കഥാനായിക. മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കാൻ സ്വയം വേദനി

ക്കുന്ന, മരണത്തിന് കീഴടങ്ങുന്ന, അടിയറവു വയ്ക്കാത്ത സ്ത്രീയുടെ ഹൃദയതാളം ഈ കഥയിൽ നമുക്ക് കാണാം .എന്നാൽ ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ് 'രാജകുമാരിയുടെ വാൾ'[11] എന്ന കഥ. തികച്ചും ഭ്രമാത്മകമായ ഒരു ലോകത്തിലേക്ക് കഥാകാരി നമ്മെക്കൂട്ടിക്കൊണ്ടുപോകുന്നു. ആത്മഹത്യയെക്കുറിച്ചു ചിന്തിക്കുന്ന കഥാനായികയിലൂടെയാണ് കഥ ആരംഭിക്കുന്നത്. തന്റെ പ്രശ്നങ്ങൾക്ക് പരിഹാരമായി തന്നെ സ്വപ്നങ്ങളുടെ ലോകത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ ഒരു രാജകുമാരൻ വരുമെന്ന് അവൾ പ്രതീക്ഷിക്കുന്നു.തോറ്റു കൊടുത്ത് കൊടുത്ത് അവൾ മടുത്തിരിക്കുന്നു.ജയിക്കുക അവൾക്കൊരു ആവശ്യമായിത്തീർന്നിട്ടുണ്ട് അതുകൊണ്ടു തന്നെ മരണത്തിലേക്ക് ആഴ്ന്നിറങ്ങുമ്പോൾ മറ്റെല്ലാവർക്കും താൻ അപ്രാപ്യയാണല്ലോ എന്ന ചിന്ത തനിക്ക് സന്തോഷം പകരുമെന്ന് അവൾ ആശ്വസിക്കുന്നുമുണ്ട്.തനിക്കൊന്നു പുറത്തു പോകണമെന്ന ആഗ്രഹത്തിന് വിലകൊടുക്കാതെ അവളെ വീട്ടിൽ ബലമായി പിടിച്ചു നിർത്താൻ ശ്രമിക്കുന്ന, മുറിയിൽ പൂട്ടിയിടാൻ ശ്രമിക്കുന്ന അവളുടെ ഭർത്താവിനെ അതുകൊണ്ടു തന്നെയാണ് അവൾ പ്രതിരോധിക്കാൻ ശ്രമിക്കുന്നതും. പെട്ടെന്ന് അവൾ ഭ്രമാത്മകമായ മറ്റൊരു ലോകത്തിലെത്തുന്നു. അവളെ രക്ഷിക്കാൻ അവളുടെ രാജകുമാരൻ എത്തുന്നു, അവൾ രാജകുമാരിയായിത്തീരുന്നു ആ വേഷത്തിൽ സർവ്വാലങ്കാരങ്ങളുമണിഞ്ഞ് സുന്ദരിയായി അവൾ ഭർത്താവിന്റെ മുന്നിലെത്തുമ്പോൾ,അവളെ തിരിച്ചറിഞ്ഞ ഭർത്താവ് അവളെ കീഴടക്കാൻ ശ്രമിക്കുന്നു. ആ നിമിഷത്തിൽ അവൾ തന്റെ വാൾ വലിച്ചൂരി ഭർത്താവിന്റെ കഴുത്ത് ലക്ഷ്യമാക്കിവെട്ടുന്നു

തന്റെ പ്രശ്നങ്ങളെ നേരിടുന്നതിനു വേണ്ടി വ്യക്തി അബോധമായി രൂപവത്ക്കരിക്കുന്ന പ്രതിരോധ സംവിധാനങ്ങളാണ് ഈ സ്വപ്നങ്ങളും സങ്കല്പങ്ങളുമൊക്കെത്തന്നെ. തന്റെ പ്രശ്നങ്ങളിൽ നിന്നും അബോധപൂർവ്വമെങ്കിലും വിജയം വരിക്കണമെന്ന ആഗ്രഹമാണ് ഇതിനുപിന്നിൽ. മോഹഭംഗങ്ങൾക്കും നൈരാശ്യങ്ങൾക്കും ഒറ്റപ്പെടലിനും കീഴടങ്ങേണ്ടി വരുമ്പോഴും വിജയം വരിക്കണമെന്ന അദമ്യമായ ആഗ്രഹം ഓരോ വ്യക്തിയിലുമുണ്ട്. 'മഞ്ഞിലെപക്ഷി'യിലും,'ഇരുട്ടിന്റെ ജാലക'ത്തിലുമൊക്കെ

ഇതിനു വേണ്ടിയുള്ള സ്ത്രീ സ്വത്വങ്ങളുടെ പ്രതിരോധം നമുക്ക് ദർശിക്കാനാവും.

ഇടയ്ക്ക് മൗനത്തിന്റെ ഇടവേളയിലേക്ക് ഒതുങ്ങേണ്ടി വന്നെങ്കിലും പിന്നീട് മനസിന്റെ കരുത്തും ഊർജ്ജവും കൊണ്ട് കഥാരംഗത്തേക്ക് പൂർവ്വാധികം ശക്തിയോടെ കടന്നു വന്ന കഥാകാരിയാണ് ചന്ദ്രമതി. കഥാരചനയേയും അതിന്റെ തന്ത്രങ്ങളേയും സമൂഹം സ്ത്രീ രചനയ്ക്കുമുന്നിൽ നിരത്തുന്ന തടസങ്ങളേയുംകുറിച്ച് വ്യക്തമായ ധാരണയുള്ള ചന്ദ്രമതി തന്റെ മനസിലേക്ക് നോക്കിയെഴുതാൻ തന്റേടം കാണിച്ച കഥാകാരിയാണ്. കഥാരചനയുടെ വൈരുധ്യത്തെക്കുറിച്ച് ചന്ദ്രമതി തന്നെ പലകഥകളിലൂടെയും വ്യക്തമാക്കുന്നുണ്ട്.

പെൺകരുത്തിന്റെ തീവ്രതയും ചിന്താശക്തിയുടെ നവീനതയും ചന്ദ്രമതിയുടെ കഥകൾക്ക് അനുവാചകഹൃദയങ്ങളിൽ വ്യക്തമായ ഇടം നേടിക്കൊടുക്കാൻ സഹായിച്ചു. താൻ ഫെമിനിസ്റ്റല്ല എന്നു പറയുമ്പോഴും ഫെമിനിസത്തിന്റെ അനുരണനങ്ങൾ ഈ കഥാകാരിയുടെ കഥകളിലും നമുക്ക് ദർശിക്കാനാവും.

ഓരോ സ്ത്രീയും വിദ്യാഭ്യാസവും ജോലിയും നേടിക്കഴിഞ്ഞാൽ മറ്റെല്ലാം താനേവന്നുകൊള്ളും എന്ന് ചന്ദ്രമതി വിശ്വസിക്കുന്നു.ജീവിതത്തെ വ്യത്യസ്തമായി നോക്കിക്കാണുകയും അങ്ങനെയുണ്ടാകുന്ന മാറ്റങ്ങളെ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയുന്നവരെ സമൂഹം ഒറ്റപ്പെടുത്താറുണ്ട്. ഈ ഒറ്റപ്പെടൽ ഓരോ കഥാകാരികളും അനുഭവിച്ചറിഞ്ഞവരാണ്.അതിന്റെ തീക്ഷ്ണതയും പരിഹാസവും ഏറ്റുവാങ്ങിയവരിൽ ചന്ദ്രമതിയുമുണ്ട്.

'ഒപ്റ്റിക്കൽ ഇല്യൂഷൻ'[12] എന്നകഥ ഈയൊരവസ്ഥയുടെ പുനർനിർമാണമാണ്. അതിലെ കഥാനായികയും ഒരു പുതിയ ഫ്രെയിമിലൂടെ ജീവിതത്തെ നോക്കിക്കാണാൻ ശ്രമിക്കുകയും പ്രശ്നങ്ങളെ നേരിടാൻ ശ്രമിക്കുകയും ചെയ്യുന്നു. എന്നാൽ കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെടലും അവഗണനയും മാത്രമാണ് അവൾക്ക് മറുപടിയായി ലഭിക്കുന്നത്.ലോകത്തെ തേച്ചുകഴുകി വെടിപ്പാക്കാൻ ശ്രമിക്കുന്ന കഥാനായിക അവ

സ്വന്തം ജീവിതത്തിൽ ഒറ്റപ്പെട്ടുപോകുന്നു തന്റെ സമൂഹത്തെ കഥയിലൂടെ പുതിയൊരു കാഴ്ച്ചപ്പാടിലേക്ക്, നന്മയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന കഥാകാരിയുടെ ദുരവസ്ഥതന്നെയാണ് ചന്ദ്രമതി വ്യക്തമാക്കുന്നത്.

കഥാരചനയെക്കുറിച്ചും ഭാഷയെക്കുറിച്ചും, കഥാരചനയുടെ വിവിധ തലങ്ങളെക്കുറിച്ചും ഒരു എഴുത്തുകാരി തന്റെ രചനയ്ക്ക് മുൻപ് അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ വിഷമങ്ങളെക്കുറിച്ചുമൊക്കെ ശക്തമായി തുറന്നെഴുതാൻ ചന്ദ്രമതിക്കുകഴിയുന്നു. 'മതംപോലെ, രാഷ്ട്രീയം പോലെ, സ്ത്രീയും തൊട്ടുകൂടാമേഖലയാവുന്നു. സ്ത്രീയെ ആദർശവത്ക്കരിക്കാതെ ഒരു സ്ത്രീ എഴുതിയാൽ പോലും സ്ത്രീവാദികൾ കൊന്നു കൊല വിളിക്കുന്നു'[13] - എന്ന് കഥയിലൂടെ സാമൂഹികമായ വിമർശനത്തിനും ചന്ദ്രമതി മുതിരുന്നു . സമൂഹം വരച്ചുനൽകിയ ചതുരങ്ങൾക്കകത്തുനിന്നു പുറത്തുകടക്കാൻ ശ്രമിച്ചാൽ 'അടിച്ചിറകുകൾ മുറിച്ച്, ഒരു മരക്കൊമ്പിൽ മാത്രമൊതുങ്ങുന്ന കിളിയുടെ ജീവിതം പോലെയാകും'[14] പിന്നീടുള്ള അവസ്ഥ എന്നു തുറന്നെഴുതാനും ചന്ദ്രമതി തന്റേടം കാണിക്കുന്നു.

ചന്ദ്രമതിയുടെ കഥാപാത്രങ്ങളെല്ലാം തന്നെ കുടുംബത്തിലായാലും സമൂഹത്തിലായാലും തന്റേതായ വ്യക്തിസത്ത പ്രദർശിപ്പിക്കുന്നു.കണ്ണീരിന്റെ നന്മയിലൂടെ സർവ്വംസഹയായി ജീവിതത്തെ നോക്കികാണുന്ന നായികയേക്കാൾ, സ്വതന്ത്രമായി ചിന്തിക്കാനും പ്രതികരിക്കാനും പ്രവർത്തിക്കാനുമുള്ള തന്റേടം ചന്ദ്രമതിയുടെ സ്ത്രീകൾ കാണിക്കുന്നുണ്ട്.താനവതരിപ്പിക്കുന്ന പ്രശ്നപരിസരങ്ങളെ തന്മയത്തത്തോടെകൈകാര്യം ചെയ്യാനും ഈ കഥാകാരിക്കു കഴിയുന്നുണ്ട്. തന്റേതായ ഒരു ശൈലിയും, കാഴ്ചപ്പാടുകളുമാക്കെ തന്റെ സ്ത്രീ കഥാപാത്രങ്ങൾക്കും നൽകുന്നതിനും അവരെ അസ്തിത്വമുള്ള കഥാപാത്രങ്ങളായി നിലനിർത്തുന്നതിനും ചന്ദ്രമതിക്ക് കഴിയുന്നു. ചന്ദ്രമതിയുടെ കഥകളിൽ ഏറ്റവും ശ്രദ്ധേയമായ കഥകളാണ് 'ദേവിഗ്രാമം കഥകൾ'[15].അവയിലെ ഓരോ കഥാപാത്രങ്ങളും തെളിമയും തീക്ഷ്ണതയുമുള്ള വ്യക്തിത്വങ്ങളായി നിലനിൽക്കുന്നു.ഗ്രാമമുത്തശ്ശിയും,

കഥാനായികയും,ഗ്രാമയക്ഷി എന്ന അപരനാമത്തിൽ വിളിക്കപ്പെടുന്ന സുന്ദരിയായ ബാലയുമൊക്കെ തന്റേതായ നിലപാടുകളിൽ ഉറച്ചു നിൽക്കുന്നവരാണ്.

ശക്തമായ പുരുഷ വിദ്വേഷമൊന്നും ചന്ദ്രമതിയുടെ കഥകളിൽ ഇല്ല. അഷിതയും, മാനസിയുമൊക്കെ പറഞ്ഞു പോകുന്നതുപോലെ തിക്തതയും,സ്നേഹരാഹിത്യവും അനുഭവിക്കുന്ന, കുടുംബബന്ധങ്ങളിൽ തോറ്റ് ആടിയുലഞ്ഞു പോകുന്ന സ്ത്രീ കഥാപാത്രങ്ങൾ ചന്ദ്രമതിയും വരച്ചുകാട്ടുന്നുണ്ട്.എന്നാൽ അവയെ നേരിടുന്നത് കണ്ണീരു കൊണ്ടല്ല- 'മറിച്ച് ഒരു ട്രെയിനപകടം പോലും,അല്ലെങ്കിൽ ഒരു ചെറിയ ഭൂകമ്പം സൃഷ്ടിക്കാൻ പറ്റുന്ന ചില നിശ്വാസങ്ങളിലൂടെയാണ്.'[16] പൊരുത്തപ്പെടാനാവാത്ത ജീവിതത്തിൽ നിന്ന് വാതിൽ തുറന്ന് പുറത്തിറങ്ങിപ്പോകാനും സർവ്വസ്വാതന്ത്ര്യത്തോടെ എങ്ങും പറന്നു നടക്കാനുമുള്ള തന്റേടം ചന്ദ്രമതി തന്റെ കഥാപാത്രങ്ങൾക്ക് നൽകുന്നുണ്ട്. '(സ്നേഹ)ലതയുടെ സുഹൃത്ത്' [17] എന്നകഥയിൽ-തന്റെ വിശ്വാസപ്രമാണങ്ങൾ തകർത്തെറിയപ്പെടുമ്പോൾ തന്റെ ഭർത്താവിനെപ്പോലും അമ്പരപ്പിച്ചു കൊണ്ട് ലത പുതിയൊരാളായിമാറുന്നു.അവളുടെ തേജസിനു മുന്നിൽ അവളുടെ എതിരാളികൾ നിഷ്പ്രഭരാകുന്നു - അവന്റെ വലിയ വീടിന്റെ അകത്തളങ്ങളിൽ ചിറകുകൾ മുളച്ച പറവയുടെ പുതുസ്വാതന്ത്ര്യം ഘോഷിച്ച് അവൾ അലഞ്ഞു നടന്നു. കുടുംബത്തിലും സമൂഹത്തിലും തന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കാൻ തക്ക സ്വത്വമുള്ളവരാണ് ചന്ദ്രമതിയുടെ കഥാപാത്രങ്ങളോരോരുത്തരും.

പുതിയ ജീവിതവീക്ഷണങ്ങളുടേയും ചിന്താഗതികളുടേയും നവീന വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെയും ശക്തി കൈമുതലായുള്ളവരാണ് ഈ മൂന്നുകഥാകാരികളും. ജീവിതത്തിന്റെ വിവിധമേഖലകളിൽ തങ്ങളുടെ പാണ്ഡിത്യവും കഴിവും തെളിയിച്ചവരാണ് ഈ മൂന്നു പേരും. അതുകൊണ്ടു തന്നെയാണ് അവരുടെ കഥാപാത്രങ്ങളും സഹനവും കണ്ണീരും ഒക്കെ അനുഭവിക്കുമ്പോഴും തന്റേതായ വ്യക്തിത്വം പുലർത്തുകയും സ്വത്വബോധം ഉണർത്തുകയും ചെയ്യുന്നത്.തങ്ങൾക്കുമുൻപ് കടന്നു പോയ പാരമ്പര്യാധിഷ്ഠിത എഴുത്തുകാരികളിൽ നിന്നുള്ള ഊർജ്ജം ഉൾക്കൊള്ളു

കയും തങ്ങൾക്കൊപ്പം വന്നുചേർന്ന കഥാകാരികളായ എഴുത്തുകാരികളിൽ നിന്നും വ്യത്യസ്തമായി,പാരമ്പര്യത്തേയും കലാപത്തേയും ഇഴചേർത്തുകൊണ്ട്, കുടുംബബന്ധങ്ങളെ തകർത്തെറിയാതെ മാറ്റുകുറയ്ക്കാതെ തങ്ങളുടെ സ്വത്വം പ്രകടിപ്പിക്കുകയും അതോടൊപ്പം തങ്ങളുടെ കഥയേയും കഥാപാത്രങ്ങളേയും സ്വത്വബോധമുൾക്കൊള്ളുന്നവയായി വളർത്തിക്കൊണ്ടുവരുകയും ചെയ്തു എന്നതാണ് ഈ കഥാകാരികളുടെ സവിശേഷത. ഫെമിനിസത്തിന്റെ മതിൽ കെട്ടിൽ നിന്ന് പുറത്തു കടക്കാൻ ശ്രമിക്കുമ്പോഴും ഫെമിനിസത്തിന്റെ അന്തർധാര ഈ കഥകളുടെയൊക്കെ അടിയൊഴുക്കായി നിലനിൽക്കുകയുംചെയ്യുന്നു.പാരമ്പര്യത്തേയും കലാപത്തേയും ഇഴചേർത്തു കൊണ്ട് സ്വത്വബോധമുള്ള കഥാപാത്രങ്ങളെ സൃഷ്ടിച്ചു എന്നതാണ് അഷിത,ചന്ദ്രമതി,മാനസി എന്നീ കഥാകാരികളുടെ കഥയുടെ കരുത്ത്.

## അടിക്കുറിപ്പുകൾ

1 . മാനസി - എന്റെ ഗ്രാമത്തിന്റെ നിറം - മാനസിയുടെ കഥകൾ - ഡി സി ബുക്സ്,കോട്ടയം 1998,പുറം - 137

2 . ചന്ദ്രമതി - അമ്മ,മകൾ,പർദ്ദ - ചന്ദ്രമതിയുടെ കഥകൾ - പുറം - 308

3 . ചന്ദ്രമതി - കൗസല്യമാരുടെ പ്രാർത്ഥന - ചന്ദ്രമതിയുടെ - കഥകൾ - സങ്കീർത്തനം പബ്ലിക്കേഷൻസ് 2002, പുറം - 423

4 .അഷിത -ഒരു സ്ത്രീയുംപറയാത്തത്-അമ്മ എന്നോട് പറഞ്ഞ നുണകൾ ഗ്രീൻ ബുക്സ് 2006 -പുറം - 12

5 Osho- Study about women-with out freedom love dies- Chapter6 Osho International Publishing, Newyork-1968

6 .മാനസി - രഘുവിന്റെ ഭാര്യ - മാനസിയുടെ കഥകൾ , ഡി സി ബുക്സ്,കോട്ടയം 1998,പുറം - 58

7 .അഷിത - ചതുരംഗം-അഷിതയുടെ കഥകൾ- ഡി സി ബുക്സ്,കോട്ടയം 1996,പുറം - 11

8 .ചന്ദ്രമതി - കത്തുകുത്ത് - ചന്ദ്രമതിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 2009,പുറം - 364

9 .ചന്ദ്രമതി - കത്തുകുത്ത്- ചന്ദ്രമതിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 2009,പുറം - 365

10 .മാനസി - ചരൽ പാതയുടെ നീളം -മാനസിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 1998,പുറം -72

11 .മാനസി - രാജകുമാരിയുടെ വാൾ, മഞ്ഞിലെ പക്ഷി,
നാഷണൽ ബുക്സ്റ്റാൾ,കോട്ടയം 1990, പുറം 135

12 .ചന്ദ്രമതി - ഒപ്റ്റിക്കൽ ഇല്യൂഷൻ- ചന്ദ്രമതിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 2009,പുറം 223

13 .ചന്ദ്രമതി - ഉത്തരാധുനിക- കഥാ- പ്രതിസന്ധി
ചന്ദ്രമതിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 2009,പുറം 362

14 .ചന്ദ്രമതി - അടിച്ചിറകുകൾ- ചന്ദ്രമതിയുടെ കഥകൾ,
ഡി സി ബുക്സ്,കോട്ടയം 2009, പുറം 178

15 .ചന്ദ്രമതി - ദേവിഗ്രാമം- ചന്ദ്രമതിയുടെ കഥകൾ,
ഡി സി ബുക്സ്,കോട്ടയം 2009, പുറം 69

16 .ചന്ദ്രമതി - അഞ്ചാമന്റെ വരവ്- ചന്ദ്രമതിയുടെ കഥകൾ
ഡി സി ബുക്സ്,കോട്ടയം 2009, പുറം 132

17 .ചന്ദ്രമതി - (സ്നേഹ)ലതയുടെ സുഹൃത്ത്-
ചന്ദ്രമതിയുടെ കഥകൾ-
ഡി സി ബുക്സ്,കോട്ടയം 2009, പുറം 246

## Note

A man who knows freedom is full of love and a man who knows love is always willing to give freedom. If you cannot give freedom to the person you love, to whom can you give freedom? Giving freedom is nothing but trusting. Freedom is an expression of love (with out freedom love dies-chapter 6- Osho)